കേരളം

INTERNATIONAL
CONGRESS ON
KERALA STUDIES

അഞ്ചാമത് അന്താരാഷ്ട്ര
കേരളപഠന കോൺഗ്രസിന്റെ
മുന്നോടിയായി

## ദ്വിദിന സെമിനാർ

# നവകേരളകാലത്തെ ഭരണനിർവഹണം



**2023 ജൂലൈ 29-30**

ഇ.എം.എസ് അക്കാദമി, തിരുവനന്തപുരം

**എ.കെ.ജി. പഠനഗവേഷണകേന്ദ്രം**

കാട്ടായിക്കോണം വി. ശ്രീധർ പഠനഗവേഷണകേന്ദ്രം

തിരുവനന്തപുരം

04.06.2023

പ്രിയ സുഹൃത്തേ,

**കേ**രളത്തിലെ ഭരണനിർവഹണത്തിന്റെ കാര്യക്ഷമതയും സേവനഗുണമേന്മയും വർദ്ധിപ്പിക്കുവാൻവിശദമായ ചർച്ചകൾക്ക് വേദിയൊരുക്കുന്ന ദ്വിദിന സെമിനാർ 2023 ജൂലൈ 29-30 തീയതികളിൽ തിരുവനന്തപുരം ഇഎംഎസ് അക്കാദമിയിൽ സംഘടിപ്പിക്കുകയാണ്. 2024-ൽ നടക്കുന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായിട്ടാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്.

കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നാലു ഭരണ പരിഷ്കാര കമ്മീഷനുകളെ സർക്കാർ നിയോഗിച്ചിരുന്നു. ഭരണസംവിധാനത്തിന്റെ കേന്ദ്രീകൃത സ്വഭാവവും ഭരണനിർവഹണത്തിലെ ജനപങ്കാളിത്തക്കുറവും സേവനപ്രദാനത്തിലെ കാലതാമസവും അഴിമതിയും മറ്റും മറികടക്കാനുള്ള നിരവധി നിർദേശങ്ങൾ ഈ കമ്മീഷനുകൾ മുന്നോട്ടുവെച്ചിരുന്നു. കൂടാതെ വിവിധ ശമ്പളപരിഷ്കരണ കമ്മീഷനുകൾ മനുഷ്യ വിഭവ ആസൂത്രണത്തിനും വകുപ്പുകളുടെ പുനസംഘാടനത്തിനുമുള്ള ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. ഇവയൊക്കെ എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്നും നടപ്പാക്കുന്നതിലെ തടസ്സങ്ങൾ എന്താണെന്നും പരിശോധന കൂടുതൽ ഫലപ്രദമായ പരിപാടി ആവിഷ്കരിക്കാൻ സഹായകമാകും.

മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ചെയർമാനും എസ്.ആർ. മോഹനചന്ദ്രൻ കൺവീനറും ഈ മേഖലയിലെ വിദഗ്ദ്ധർ അംഗങ്ങളുമായി ഒരു അക്കാദമിക് കമ്മിറ്റിയാണ് സെമിനാറിന്റെ അക്കാദമിക ചുമതലവഹിക്കുന്നത്.

പ്രബന്ധങ്ങൾ ലഭിച്ചശേഷമായിരിക്കും കൃത്യമായ കാര്യപരിപാടി തയ്യാറാക്കുക. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സെമിനാറിന് ആമുഖമായി ഏതാനും വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ വിദഗ്ദരുടെ പൊതു അവതരണങ്ങൾ ഉണ്ടാകും.

അതിനുശേഷമായിരിക്കും വിഷയാധിഷ്ഠിതമായ സമ്മേളനങ്ങൾ. 20 സമാന്തര സമ്മേളനങ്ങൾ രണ്ട് റൗണ്ടായി നടക്കും. വിഷയങ്ങളുടെ സാമാന്യം വിശദമായ ലിസ്റ്റ് ഈ ബ്രോഷറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ടാംദിവസം ഈ ചർച്ചകൾ മൂന്നു കമ്മീഷനുകളായി തിരിഞ്ഞ് ക്രോഡീകരിക്കുന്നതിനാണു ലക്ഷ്യമിടുന്നത്.

താങ്കൾക്കു പ്രാഗത്ഭ്യമുള്ള ഒരു വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുന്നതിനും സെമിനാർ ചർച്ചകളിൽ പങ്കാളിയാകുന്നതിനും സാദരം ക്ഷണിക്കുന്നു.

**എസ്. രാമചന്ദ്രൻ പിള്ള**
ചെയർമാൻ

**ഡോ. റ്റി.എം. തോമസ് ഐസക്ക്**
സെക്രട്ടറി

**പഠനകോൺഗ്രസ്സ് അക്കാദമികസമിതി**

**എസ്.എം. വിജയാനന്ദ്**
ചെയർമാൻ

**ഡോ. എസ്.ആർ. മോഹനചന്ദ്രൻ**
കൺവീനർ

**സെമിനാർ അക്കാദമികസമിതി**
**നവകേരളകാലത്തെ ഭരണനിർവഹണം**

# സെമിനാർ ചർച്ച ചെയ്യുന്ന വിഷയങ്ങൾ

- ഭരണപരിഷ്കാര കമ്മീഷനുകൾ
- ശമ്പളപരിഷ്കരണ കമ്മീഷനുകളുടെ ഭരണപരിഷ്കാര ശുപാർശകൾ
- വലിയ പദ്ധതികളുടെ സംഘാടനവും നിർവ്വഹണവും
- വകുപ്പുകൾ തിരിച്ച് ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത
- വകുപ്പുകൾ തിരിച്ച് പൊതുസേവനങ്ങളുടെ ഗുണമേന്മ
- എംഎസ്എംഇ-കൾക്കുള്ള പിന്തുണ
- ഭരണനിർവ്വഹണത്തിൽ ഇ-ഗവേണൻസ്
- നിർവ്വഹണ ചട്ടങ്ങളുടെ പുനഃസംഘാടനം
- നിയമ പരിഷ്കാരം
- സേവനാവകാശ നിയമം
- വിവരാവകാശ നിയമം
- പരാതിപരിഹാര സംവിധാനം
- ഭരണരംഗത്തെ നഷ്ടോത്തരവാദിത്വം
- അഴിമതി നിർമ്മാർജ്ജനം
- എല്ലാ തലത്തിലും സോഷ്യൽ ആഡിറ്റ്
- വാതിൽപ്പടി സേവനങ്ങൾ
- മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ
- കുട്ടികളുടെ ക്ഷേമവും സംരക്ഷണവും
- ഭിന്നശേഷീ സൗഹൃദം
- പരിസ്ഥിതി സൗഹൃദമായ നിർവ്വഹണം
- ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ
- ഉത്തമ മാതൃകകളുടെ പ്രചാരണം
- ഉദ്ഗ്രഥനവും ഉൾച്ചേർക്കലും
- ജൻഡർ പരിഗണന
- ദുർബലവിഭാഗങ്ങളുടെ പരിഗണന
- അതിഥി തൊഴിലാളികൾ
- ശുചിത്വ പരിപാടിയുടെ നടത്തിപ്പ്
- പൊതുമേഖലാ ഭരണസംവിധാനം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
- നഗരാസൂത്രണം
- സഹകരണ സ്ഥാപനങ്ങൾ
- പൊതു ധനകാര്യ ഏജൻസികൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം
- ഓട്ടോണമസ് സ്ഥാപനങ്ങൾ
- ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം
- പ്രവാസികളെ ഉൾച്ചേർക്കൽ
- ശേഷിവികസനത്തിനുള്ള പരിപാടികളും പരിശീലനവും
- റിട്ടയർ ചെയ്തവരുടെ സന്നദ്ധസേവനത്തിനു കർമ്മപരിപാടി
- പൗരന്മാരുടെ കടമകൾ

മുകളിൽ നൽകിയിട്ടുള്ളവയിലും പുറമേ ഈ ചർച്ചയ്ക്ക് അനുയോജ്യമായവിഷയങ്ങളിലും പ്രബന്ധങ്ങൾ തയ്യാറാക്കി നൽകാവുന്നതാണ്.ഉത്തമമാതൃകകൾ അവതരിപ്പിക്കാവുന്നതാണ്.

# തുറന്ന സെമിനാർ

ഇതൊരു തുറന്ന സെമിനാറാണ്. ഏതൊരാൾക്കും താല്പര്യമുള്ള മേഖലയിൽ പ്രബന്ധങ്ങൾ നൽകാവുന്നതാണ്. വിവിധ വിഷയമേഖലകളിലെ വിദഗ്ധർ, സ്ഥാപനങ്ങൾ, മുൻകാല പ്രവർത്തകർ, വിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർക്കും പ്രബന്ധങ്ങൾ തയ്യാറാക്കി നൽകാം.അക്കാദമിക് കമ്മിറ്റിക്കു പ്രബന്ധങ്ങളുടെ അക്കാദമിക് യോഗ്യത പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കും. കഴിയുന്നത്ര വ്യത്യസ്ത അഭിപ്രായങ്ങൾ ഉൾച്ചേർക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.



## സമയക്രമം

- പ്രബന്ധം അവതരിപ്പിക്കാൻ താൽപ്പര്യപ്പെടുന്നവർ **2023 ജൂൺ 25**-നകം സംഗ്രഹം സമർപ്പിക്കണം.
- വിശദമായ പ്രബന്ധം **2023 ജൂലൈ 10**-നകം സംഘാടകസമിതിക്കു ലഭ്യമാക്കണം.

പ്രബന്ധാവതാരകർ ജൂൺ 25-നു മുമ്പ് 200-300 വാക്കുകളിൽ അധികരിക്കാത്ത സംഗ്രഹം ഇ-മെയിലിൽ **(info@akgcentre.in)** ലഭ്യമാക്കേണ്ടതാണ്. ജൂലൈ 10-നു മുമ്പ് പ്രബന്ധങ്ങളുടെ പൂർണരൂപം നൽകണം. പ്രബന്ധങ്ങളുടെ പൂർണരൂപം പഠനകോൺഗ്രസിന്റെ വെബ്സൈറ്റിൽ നൽകുന്നതാണ്. സംഗ്രഹങ്ങളും മുഖ്യപ്രഭാഷണങ്ങളും അച്ചടിച്ച് ലഭ്യമാക്കും.

# രജിസ്ട്രേഷൻ

സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **http://akgcentre.in** എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്ക് 250 രൂപ. സ്ഥാപനങ്ങൾക്ക് 2000 രൂപ (മൂന്ന് പേർക്ക് പങ്കെടുക്കാം). പ്രബന്ധാവതരകർക്കും പ്രത്യേക ക്ഷണിതാക്കൾക്കും ഫീസ് ഒഴിവാക്കുന്നതാണ്. താമസം, ഭക്ഷണം, പ്രബന്ധങ്ങൾ അടങ്ങിയ കിറ്റും ലഭ്യമാക്കുന്നതാണ്.

ഇമെയിൽ: info@akgcentre.in ◆ mckollam@gmail.com
**ഡോ. എസ്.ആർ. മോഹനചന്ദ്രൻ ◆ 94472 55867**
വെബ്സൈറ്റ്: **http://akgcentre.in**